# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

<u>പട്ടികജാതി-പട്ടികഗോത്ര വര്‍ഗ്ഗ കമ്മീഷന് ലഭിച്ച പരാതികള്‍</u>

920 ശ്രീ. മുല്ലക്കര രത്നാകരന്‍
,, വി. ശശി
,, കെ. അജിത്
,, ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആദിവാസി ദളിത് മേഖലകളില്‍ നിന്നും പട്ടികജാതി-പട്ടിക ഗോത്രവര്‍ഗ്ഗ കമ്മീഷന് 2012-13 വര്‍ഷങ്ങളില്‍ ഇതുവരെ എത്ര പരാതികള്‍ ലഭിച്ചു; ഇതില്‍ അട്ടപ്പാടി മേഖലയില്‍ നിന്നും ലഭിച്ച പരാതികളുടെ എണ്ണം എത്ര;

(ബി) ഭൂമി നഷ്ടപ്പെട്ട വിഷയം സംബന്ധിച്ച് എത്ര കേസ്സുകള്‍ കമ്മീഷന് ലഭിച്ചു; ഇതില്‍ ആദിവാസികള്‍ക്ക് ഭൂമി നഷ്ടപ്പെട്ട എത്ര കേസ്സുകളുണ്ട്;

(സി) കമ്മീഷനു മുന്‍പാകെ കെട്ടിക്കിടക്കുന്ന കേസ്സുകള്‍ സമയബന്ധിതമായി തീര്‍പ്പാക്കുന്നതിന് എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗജനവിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള കേന്ദ്ര-സംസ്ഥാനപദ്ധതികളുടെ വിശദാംശം</u>

921 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗജനവിഭാഗത്തിന്റെ ഉന്നമനത്തിനായി നിലവിൽ ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുതപദ്ധതികൾക്കായി ഓരോ വർഷവും ലഭിക്കുന്ന കേന്ദ്രഫണ്ട് എത്ര; കഴിഞ്ഞ അഞ്ചു വർഷത്തെ കണക്ക് നൽകുമോ;

(സി) പട്ടികവർഗ്ഗജനവിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര-സംസ്ഥാനസർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അർഹരായവർക്കു ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, പോരായ്മകൾ പരിഹരിക്കുന്നതിനും ശക്തമായ മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ, ഇതിനായി ഉന്നതതല മോണിറ്ററിങ് സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

ടി.എസ്.പി.ഫണ്ട്

922 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ടി.എസ്.പി. ഫണ്ട് ഇനത്തിൽ ഓരോ വർഷവും എത്ര രൂപയുടെ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട് ;

(ബി) ഓരോ വർഷവും പ്രസ്തുത ഇനത്തിൽ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; പ്രസ്തുത വർഷങ്ങളിൽ പഞ്ചായത്തുകൾക്ക് നൽകിയ ടി.എസ്.പി. ഫണ്ട് തുകയെത്ര; ചെലവ് എത്ര ശതമാനം ;

(സി) കേന്ദ്രം നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ ഏതെങ്കിലും കേരളത്തിൽ പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കാമോ ;

(ഡി) 2012-13 വർഷത്തിൽ ഏതെല്ലാം ഇനത്തിൽ എന്ത് തുക വീതം കേന്ദ്ര ടി.എസ്.പി. വിഹിതമായി കേരളത്തിന് ലഭിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

## പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങള്‍

923 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍
ഡോ. എന്‍. ജയരാജ്
ശ്രീ. പി. സി. ജോര്‍ജ്
,, റോഷി അഗസ്റ്റിന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങളെ സംബന്ധിച്ച കേസുകള്‍ ഏറ്റവും കൂടുതല്‍ രജിസ്റ്റര്‍ ചെയ്യപ്പെട്ടിട്ടുള്ളത് ഏത് ജില്ലയിലാണ്;

(ബി) ഇപ്രകാരം രജിസ്റ്റര്‍ ചെയ്യപ്പെടുന്ന കേസുകളിന്മേലുള്ള പോലീസിന്റെ തുടര്‍ അന്വേഷണം യഥാസമയം പൂര്‍ത്തീകരിക്കാന്‍ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) കഴിഞ്ഞ മൂന്നു വര്‍ഷക്കാലത്ത് യഥാസമയം അന്വേഷണം പൂര്‍ത്തിയാക്കിയ കേസുകളില്‍ എത്ര ശതമാനം വിചാരണയ്ക്കായി സമര്‍പ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരമുള്ള കേസുകള്‍ വിചാരണ നേരിടാന്‍ എടുക്കുന്ന കാലതാമസംമൂലം സാക്ഷികള്‍ പലരും കൂറുമാറി കേസുകള്‍ തെളിയിക്കുന്നതിന് വിഘാതമുണ്ടാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ഇ) പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങളെ സംബന്ധിച്ച കേസുകളുടെ അന്വേഷണം യഥാസമയം പൂര്‍ത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഇത്തരം കേസുകളുടെ വിചാരണ വേഗത്തില്‍ പൂര്‍ത്തീയാക്കുന്നതിന് സ്പെഷ്യല്‍ കോടതികള്‍ സ്ഥാപിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ

924 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇപ്രകാരം നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികൾ യഥാസമയം വിലയിരിത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നല്കുമോ;

(സി) പട്ടിക വർഗ്ഗങ്ങൾക്കായുള്ള ഭവന നിർമ്മാണ പദ്ധതികൾ ഓരോന്നിനും അനുവദിക്കുന്ന തുക എത്ര വീതമാണ്; ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിന് പ്രസ്തുത തുക പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണ പദ്ധതികൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

പട്ടികജാതി പട്ടികവര്‍ഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വിവിധ സാമൂഹിക ക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്ക് ഫണ്ട് വകയിരുത്തല്‍

925 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള പട്ടിക വര്‍ഗ്ഗ വികസന വകുപ്പില്‍ നിന്ന് കേരള സംസ്ഥാന പട്ടിക ജാതി - പട്ടികവര്‍ഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വിവിധ സാമൂഹിക ക്ഷേമ പ്രവര്‍ത്തനങ്ങള്‍ക്ക് ഫണ്ട് വകയിരുത്താറുണ്ടോ;

(ബി) നാട്ടിന്‍പുറത്ത് പ്രവര്‍ത്തിക്കുന്ന ഫെഡറേഷനില്‍ അഫിലിയേറ്റ് ചെയ്ത സംഘങ്ങളിലൂടെവിവിധ പദ്ധതികള്‍ ആവിഷ്കരിച്ച് നടപ്പാക്കുവാന്‍ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>അവിവാഹിതരായ ആദിവാസി അമ്മമാരെ പുനരധിവസിപ്പിക്കുന്ന പദ്ധതി</u>

926 ശ്രീ. കെ. മുരളീധരൻ
,, അൻവർ സാദത്ത്
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവിവാഹിതരായ ആദിവാസി അമ്മാരെ പുനരധിവസിപ്പിക്കുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

ആദിവാസികളുടെ പുനരധിവാസ പദ്ധതി

927 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2004-ലെ ആദിവാസി പുനരധിവാസ പാക്കേജ് പ്രകാരം സംസ്ഥാനത്തെ ആദിവാസികളുടെ പുനരധിവാസ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വയനാട് ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്; താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ അർഹരായ കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടോ; ഈ കുടുംബങ്ങളുടെ താലൂക്ക്തല വിശദാംശങ്ങളും ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ്</u>

928 ശ്രീ. കെ. അച്ചുതന്‍
,, വി. പി. സജീന്ദ്രന്‍
,, അന്‍വര്‍ സാദത്ത്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രൊഫഷണല്‍ വിദ്യാഭ്യാസ കോഴ്സുകള്‍ക്കും കമ്പ്യൂട്ടര്‍ അധിഷ്ഠിത കോഴ്സുകള്‍ക്കും പഠിക്കുന്ന പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ് നല്‍കാന്‍ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം ഏജന്‍സികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ട്; വിശദാംശങ്ങളെന്തെല്ലാം?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>സ്കൂള്‍ കലോത്സവങ്ങളില്‍ പങ്കെടുക്കുന്ന പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് സാമ്പത്തിക സഹായം</u>

929 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, എം. എ. വാഹീദ്
,, അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ കലോത്സവങ്ങളില്‍ പങ്കെടുക്കുന്ന പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് പ്രത്യേക സാമ്പത്തിക സഹായം നല്‍കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ഡി) ഏത് വര്‍ഷം മുതലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

'എൻ ഊരു' പദ്ധതി

930 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരിയിൽ അനുവദിച്ച എൻ ഊരു (ട്രൈബൽ ഹട്ട്) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; പദ്ധതി എന്നാണ് അനുവദിച്ചത്; എത്ര രൂപ ഇതിനായി അനുവദിച്ചു; നിർമ്മാണപ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ</u>

931 ശ്രീ.കെ. അച്ചുതൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.കെ. മുരളീധരൻ
ശ്രീ.എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കായി മാതൃകാ കോളനികൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

മാതൃകാ പട്ടികവർഗ്ഗ കോളനികൾ

932 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ പട്ടികവർഗ്ഗ കോളനികൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

കാസർകോട് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങളുടെ വിശദാംശം

933 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ആകെ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട് ; അവയിൽ എത്ര കുടുംബങ്ങൾ ഉണ്ട് ; വിശദാംശം അറിയിക്കുമോ ;

(ബി) ഇതിൽ കൈവശഭൂമിക്ക് നിയമാനുസൃത രേഖകൾ ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട് ; അറിയിക്കാമോ ;

(സി) ഭൂമിയില്ലാത്ത കുടുംബങ്ങൾ എത്ര; അറിയിക്കാമോ ;

(ഡി) നിയമാനുസൃത രേഖയില്ലാത്ത കൈവശഭൂമിക്ക് രേഖ ലഭ്യമാക്കാനും ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുവാനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 20.03.2013-ലെ മറുപടിക്ക്

ആദിവാസി കോളനിയിലെ റോഡ് നിർമ്മാണം

934

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളത്തെ തേക്കടി ആദിവാസി കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ആദിവാസി കോളനികൾക്കാണ് നിലവിൽ റോഡ് സൗകര്യം ഇല്ലാത്തതെന്ന് വിശദമാക്കുമോ;

(സി) വനാവകാശ നിയമ പ്രകാരം ആദിവാസി വിഭാഗക്കാർക്ക് ലഭിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും അവകാശങ്ങളും ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടികൾ കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>നാദാപുരത്തെ പട്ടികവർഗ്ഗകോളനികൾ</u>

935 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗകോളനികളെക്കുറിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത കോളനികൾ നേരിടുന്ന അടിസ്ഥാനസൗകര്യങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, കോളനികളിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾ</u>

936 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ ;

(ബി) കോർപ്പസ് ഫണ്ട് വഴി എത്ര കോടി രൂപ സംസ്ഥാനത്ത് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

നായരങ്ങാടി എം. ആർ. എസ്

937 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ നായരങ്ങാടിയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ലൈബ്രറിയും, ഓഡിറ്റോറിയവും അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നായരങ്ങാടി എം. ആർ.എസ് ന് ആവശ്യമായ കളിസ്ഥലം അനുവദിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായി ഫണ്ട് വകയിരുത്തൽ</u>

938 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പട്ടികവർഗ്ഗ ജനസംഖ്യ ഇപ്പോൾ എത്രയാണെന്ന് അറിയിക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി വിഹിതം പട്ടികജാതി വിഭാഗങ്ങൾക്ക് വകയിരുത്തുന്നതുമായി താരതമ്യപ്പെടുത്തുമ്പോൾ ജനസംഖ്യാനുപാതികമായി ലഭിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പട്ടികവർഗ്ഗ വിഭാഗത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായി ഫണ്ട് വകയിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>ഗോത്ര സംസ്കൃതി ട്രൈബൽ കോംപ്ളക്സ്</u>

939 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് അനുവദിച്ച ഗോത്ര സംസ്കൃതി ട്രൈബൽ കോംപ്ളക്സിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നാണ് പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയത്; പദ്ധതിക്ക് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതുവരെ എത്ര രൂപ ചെലവായി; എപ്പോൾ ഉത്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) എന്തെല്ലാം ഭൗതികസാഹചര്യങ്ങളാണ് ഇവിടെ സജ്ജമാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത സ്ഥാപനം മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സമാനരീതിയിൽ മറ്റ് എവിടെയെങ്കിലും കോംപ്ളക്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

യുവജന നയം

940 ശ്രീ.പി. സി. വിഷ്ണുനാഥ്
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി. റ്റി. ബൽറാം
ശ്രീ.ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജന നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) യുവജനങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) നയം നടപ്പാക്കുന്നതിന് മുൻപ് തൽപ്പരകക്ഷികളുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 20.03.2013-ലെ മറുപടിക്ക്

<u>മൃഗശാലകളിലെ മൃഗങ്ങളുടെ സുരക്ഷിതത്വം</u>

941

ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗശാലകളിലെ മൃഗങ്ങളുടെ സുരക്ഷിതത്ത്വത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി മൃഗശാലാവളപ്പുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സന്ദർശകർ മൃഗങ്ങളെ ഉപദ്രവിക്കുന്നതും ഇവയുടെ കൂടുകളിൽ പ്ലാസ്റ്റിക് വസ്തുക്കളും ഭക്ഷണവും എറിഞ്ഞ് കൊടുക്കുന്നതും തടയാൻ പ്രസ്തുത സംവിധാനം എത്രമാത്രം ഉപയോഗപ്പെടുത്താനാകുമെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർക്ക് പിഴ ചുമത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം?